# അദ്ധ്യായം 12

ഈ പ്രവചനപുസ്തകത്തിലെ അതിപ്രധാനമായ അദ്ധ്യായമാണ് ഇത്. മഹോപദ്രവത്തിന്റെ മദ്ധ്യവും, മൂർദ്ധന്യവുമായ കാലത്തിലേക്ക് പ്രവേശിച്ചപ്പോൾ പല വ്യാഖ്യാനങ്ങളും സംഭവങ്ങളും ദൃശ്യമായിത്തീർന്നതായി കാണാം.

## സ്വർഗ്ഗത്തിൽ ദൃശ്യമായ ചില അടയാളങ്ങൾ

ഈ അടയാളങ്ങൾ സ്വർഗ്ഗത്തിൽ കാണപ്പെടുന്നവ ആയാലും ഭൂമിയിലെ വിഷയങ്ങളാണെന്ന് താഴെ രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങൾ വായിച്ചാൽ മനസ്സിലാക്കാം.

(വെളി : (12: 6,13,16,17)

ഒന്നാമത്തെ അടയാളം (12: 1-2,5-6)

പല വ്യാഖ്യാനങ്ങൾ ഓരോ സംഭവങ്ങൾക്കും ഉള്ളതിനാൽ തിരുവചനാടിസ്ഥാനത്തിൽ ചിന്തിക്കുന്നതാണ് ഉത്തമം.

സൂര്യധാരിണിയായ സ്ത്രീ - ഇവൾ ആര്?

1. ഇവൾ കന്യാമറിയം എന്നും ,ഇവൾ പ്രസവിച്ച കുട്ടി ക്രിസ്തു എന്നും കരുതിയാണ് വേളാങ്കണ്ണി മാതാവ് എന്ന സങ്കല്പം ഉണ്ടായത്.

കന്യാമറിയത്തെപ്പറ്റി വചനത്തിൽ തന്നിട്ടുള്ള വിവരങ്ങൾ (ലൂക്കോ: 1: 26-35) ഇതിനോട് യോജിക്കുന്നതല്ല. മറിയ പ്രസവിച്ച കുട്ടി (ലൂക്കോ 2:7) ഉയരത്തിലേക്കെടുക്കപ്പെട്ടില്ല . കൂടാതെ മരുഭൂമിയിലേക്കവൾ ഓടിപ്പോയില്ല. സൂര്യധാരിണിയായ സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി (വെളി. 12:5,6)

അതിനാൽ ഈ സ്ത്രീ കന്യകമറിയമോ, വേളാങ്കണ്ണി മാതാവോ അല്ല എന്ന് കരുതാം.

2. സ്ത്രീ ദൈവസഭ എന്ന ചിന്തയും തെറ്റാണ്. ഈ സംഭവം നടക്കുന്നത് ഏഴാം കാഹളം ഊതുമ്പോഴാണ്. അതായത് മഹോപദ്രവത്തിന്റെ മദ്ധ്യത്തിൽ സഭ മഹോപദ്രവത്തിലൂടെ കടക്കുകയില്ല.അതിനുമുൻപ് എടുക്കപ്പെടും എന്ന് നാം വിശദമായി ചിന്തിച്ചതാണ്. അതിനാൽ ഈ സ്ത്രീ സഭയുടെ പ്രതീകമല്ല.

കൂടാതെ സഭ നിർമ്മലകന്യകയാണ്.പ്രസവിച്ച സ്ത്രീ അല്ല. Read (2 കൊരി 11:2)

3. വചനാന്വേഷണത്തിനായി വായിക്കുക (യെശ 34: 16)

(യെശ 66:7,8)

(മിഖ 4:9,10)

4. യോസഫ് കണ്ട സ്വപ്നം (ഉല്പ 37:9-11) ഇതിൽ നിന്നും സൂര്യധാരിണിയായ സ്ത്രീ സീയോൻ ആണെന്ന് മനസ്സിലാക്കുന്നു.

സീയോൻ - യിസ്രായേൽ സഭയെ കുറിക്കുന്നു.

പ്രസവ വേദന അനുഭവിച്ച സ്ത്രീയുടെ നിലവിളി- യിസ്രായേൽ സഭ മഹോപദ്രവത്തിലൂടെ കടന്നു പോകുന്നതിനെ കാണിക്കുന്നു.

ആൺകുട്ടി ആര്?

സ്ത്രീ പ്രസവിച്ച കുട്ടി സിംഹാസനത്തിലേക്കെടുക്കപ്പെട്ടതാൽ (വെളി- 12:5) അത് ക്രിസ്തു അല്ല എന്നാണ് ഒരു വിശദീകരണം. കാരണം യേശുക്രിസ്തുവിന്റെ ജനനം കഴിഞ്ഞിട്ട് 2000 ൽ പരം വർഷം കഴിഞ്ഞതിനാൽ ഈ ആൺകുട്ടി യേശുക്രിസ്തു അല്ല സ്ത്രീ പ്രസവിച്ചത് മഹോപ

ദ്രവത്തിന്റെ മദ്ധ്യത്തിലാണെന്നുമാണ് വചനം വെളിപ്പെടുത്തുന്നത്.

സ്ത്രീ യിസ്രായേൽ സഭ ആകയാൽ അവളിൽ നിന്ന് ജനിക്കുന്നതും യഹൂദർ തന്നെ ആയിരിക്കും.അപ്പോൾ ആരായിരിക്കും ഈ ആൺകുട്ടി?

പീഡനത്തിന്റെകൂടെ ഉല്പാദിപ്പിക്കപ്പെട്ട നൂറ്റിനാല്പത്തിനാലായിരം പേർ ഇവരെ സാത്താനിൽ നിന്ന് രക്ഷിക്കാൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു.

മറ്റൊരു ചിന്ത വായിക്കുക റോമ (9:5) യെശ :(9:6,7) ഈ വേദഭാഗങ്ങളിൽ നിന്നും ആൺകുട്ടി ക്രിസ്തുആണെന്നു കരുതുവാൻ കഴിയും. കൂടാതെ ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ആൺകുട്ടി എന്ന് വെളി : 12:5 ലും കാണുന്നു. സർവ്വലോകവും അടക്കിഭരിക്കുവാൻ കഴിയുന്നത് ക്രിസ്തുവിനു മാത്രമാണെന്നാണ് ആ ചിന്ത.

സ്ത്രീ പ്രസവിച്ച കുട്ടിയുടെ ജനനത്തെ മഹാസർപ്പം എതിർത്തതുപോലെ (വെളി. 12:4) യേശു ക്രിസ്തുവിന്റെ ജനനത്തേയും സാത്താൻ എതിർത്തിരുന്നു. അതുകൊണ്ട് ഈ കുട്ടി ക്രിസ്തു എന്നഭിപ്രായവും ശരിയായതാണ്.

രണ്ടാമത്തെ അടയാളം

മഹാസർപ്പത്തിന്റെ പ്രത്യേകതകൾ - വെളി: (12:3)

നിറം - തീയുടെ ചുവപ്പു നിറം

ഏഴ് തല- ജ്ഞാനസമ്പൂർണ്ണതയെ കാണിക്കുന്നു. (യെഹ : 28:12)

പത്തു കൊമ്പുകൾ- അധികാരത്തേയും , ഭരണ പൂർണ്ണതയേയും, പ്രതാപത്തേയും കാണിക്കുന്നു.

ഏഴ് രാജമുടി - തലയിൽ മാത്രം

മഹാസർപ്പത്തിന്റെ പ്രവർത്തി - വെളി : (12:4,5)

നക്ഷത്രങ്ങൾ- ദൂതൻമാരെ ആലങ്കാരികമായി പറയുന്നു. (വെളി: 1:20)

സാത്താൻ - ഭോഷ്ക് പറയുന്നവൻ

വാൽ - അസത്യം ഉപദേശിക്കുന്ന പ്രവാചകൻ(യെശ :9:15)

ദൂതൻമാരോട് ഭോഷ്ക് പറഞ്ഞ് മത്സരികളാക്കി മാറ്റി ഭൂമിയിലേക്ക് തള്ളിയിടുവാൻ കാരണമാകുന്നു. ദൈവദൂതഗണത്തിൽ മൂന്നിലൊന്നു ഭാഗത്തെ അവൻ തെറ്റിച്ചു എന്ന് സാരം.

മഹാസർപ്പത്തിന് സ്ത്രീയോട് കോപം തോന്നുവാനുള്ള കാരണങ്ങൾ മനസ്സിലാക്കുവാൻ താഴെ രേഖപ്പെടുത്തിയ വേദഭാഗങ്ങൾ വായിക്കുക.

ഉല്പത്തി (3:14,15)

ഉല്പത്തി(4:8) (16:1,2)(9:18,27),(11:1,9),(17:17), (18:9,15),(21:1,3)

ഉല്പത്തി (22), (25:12,24)

മത്തായി - (2), (4:1-11), ( 8:23-27),(14:22-33),(16:21)

ലൂക്കോസ് (4:29)

യോഹന്നാൻ - (13:27), (19:6), (20:9)

അപ്പോ: പ്രവ :(2:1-13)

മരുഭൂമിയിലേക്കോടിപ്പോയ സ്ത്രീയെ 1260 ദിവസം ദൈവം അത്ഭുതകരമായി പോറ്റുന്നു.

വായിക്കുക യെശ (16:1-5)

സ്വർഗ്ഗത്തിലെ യുദ്ധം

ആരെല്ലാം തമ്മിലാണ് യുദ്ധം നടക്കുന്നത്- വെളി (12:8,9)

ഫലം എന്ത്?- വെളി (12:8,9)

സ്വർഗ്ഗത്തിൽ കേട്ട ശബ്ദം - വെളി (12-10)

ശത്രുവിനെ ജയിച്ചതെങ്ങനെ ? വെളി (12:11-12)

സ്ത്രീ പീഡിപ്പിക്കപ്പെടുന്നു (വെളി 12:13-17)

പിശാച് , തനിക്കല്പകാലമേയുള്ളൂ എന്നറിഞ്ഞ് മഹാക്രോധത്തോടെ , എതിർ ക്രിസ്തുവിന്റെ നേതൃത്വത്തിൽ ഭീകരവാഴ്ച ഭൂമിയിലാരംഭിക്കും.

Proof: മത്താ:(24:21)

ദൈവം തന്റെ പ്രവർത്തി ശക്തിയോടെ നിവർത്തിക്കുമ്പോൾ അനേകർ മാനസാന്തരത്തിലേക്ക് നയിക്കപ്പെടും .യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവകല്പന അനുസരിക്കുകയും ചെയ്തതിനാലും കഠിനപീഡനം അവർ അനുഭവിക്കേണ്ടതായി വരുന്നു. സാത്താൻ യിസ്രായേലിൻമേൽ ഭീകരതാണ്ഡവമാടുമ്പോൾഅവർ മലമുകളിലേക്കോടിപോകുന്നു. ഈ ഓടിപ്പോക്കിൽ മാനുഷിക പരിഗണനമൂലം അറബികൾ തങ്ങളുടെ ശത്രുക്കൾക്ക് അപ്പവും വെള്ളവും നൽകുന്നു. കർത്താവ് ഈ നീതി പ്രവർത്തി ചെയ്തവർക്ക് ഒരുക്കിയിരിക്കുന്ന രാജ്യത്തിലേക്കുള്ള പ്രവേശനം നൽകുന്നു.

Proof::യെശ (21:13-15)

മത്താ : (15:31-46)

കഴുകന്റെ ചിറക് - ദൈവശക്തിയെ കാണിക്കുന്നു. വായിക്കുക (പുറ: 19:4)

മർക്കോ: (13:14)

ലൂക്കോ:(24:12)

സ്ത്രീ പോഷിപ്പിക്കപ്പെടുന്ന സമയം -വെളി(12:14)മൂന്നര വർഷം

(1 കാൽ - 1 വർഷം, 2 കാൽ- 2 വർഷം)

സാത്താന്റെ വായിൽ നിന്ന് പുറപ്പെടുന്ന നദി- വെളി (12:16)

അതായത് സാത്താന്റെ സൈന്യ വ്യൂഹം ഇതിനെ വായ് പിളർന്ന് വിഴുങ്ങുന്നു.

(മറ്റൊരുദാഹരണം- സംഖ്യ 16:29-35)

ie, Supernatural way of God's Protection

ഓടിപ്പോകാത്തവർ, യേശുവിന്റെ സാക്ഷ്യം നിമിത്തം പീഢനം അനുഭവിക്കേണ്ടതായി വരും ഇവരോട് യുദ്ധം ചെയ്യാൻ അവൻ കടല്പുറത്തെ മണലിൽ നിന്നു. - (അബ്രഹാമിന്റെ സന്തതി ആകാശത്തിലെ നക്ഷത്രം പോലെയും കടൽപുറത്തെ മണൽ പോലെയുമാണത്രേ.(ഉല്പ 22:17) യിസ്രായേലിന്റെ ഭൂരിപക്ഷം പ്രാണരക്ഷാർത്ഥം ഓടിപ്പോകുമ്പോൾ , ന്യൂനപക്ഷം മശിഹായ്ക്കു വേണ്ടി കാത്തിരിക്കുകയും തന്റെ നാമം നിമിത്തം രക്തസാക്ഷികളായിത്തീരുകയും ചെയ്യുന്നു. അവസാനത്തോളം സഹിച്ചു നിന്ന് വിജയം പ്രാപിപ്പാൻദൈവം സഹായിക്കട്ടെ.